പതിമൂന്നാം കേരള നിയമസഭ
പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം-നം.2933. 11.12.2014 ൽ മറുപടിക്ക്

## സി.എച്ച്.മുഹമ്മദ്കോയ സ്കോളർഷിപ്പ്

ചോദ്യം
ശ്രീ.കെ.വി.അബ്ദുൾ ഖാദർ

മറുപടി
ശ്രീ. പി. കെ. അബ്ദുറബ്ബ്
(വിദ്യാഭ്യാസ വകുപ്പ് മന്ത്രി )

| | | | |
|---|---|---|---|
| (എ) | സി.എച്ച്.മുഹമ്മദ്കോയ സ്കോളർഷിപ്പ് ലഭിക്കാൻ വേണ്ട മാനദണ്ഡം എന്താണെന്ന് വ്യക്തമാക്കാമോ ; | (എ) | സംസ്ഥാനത്തെ സ്ഥിര താമസക്കാരായ മുസ്ലീം/ലത്തീൻ ക്രിസ്ത്യൻ/പരിവർത്തിത ക്രിസ്ത്യൻ വിഭാഗത്തിൽപ്പെട്ടതും സർക്കാർ/എയ്ഡഡ് സ്ഥാപനങ്ങളിലോ സർക്കാർ മെറിറ്റ് ക്വാട്ടയിൽ അൺ എയ്ഡഡ് പ്രൊഫഷണൽ സ്ഥാപനങ്ങളിലോ പ്രവേശനം ലഭിച്ചതുമായ പെൺകുട്ടികൾക്കാണ് സി.എച്ച്.മുഹമ്മദ് കോയ സ്കോളർഷിപ്പ്/ഹോസ്റ്റൽ സ്റ്റൈപെന്റിന് അപേക്ഷിക്കുവാൻ അർഹതയുള്ളത്. ഈ സ്കോളർഷിപ്പ് പദ്ധതി പ്രകാരം ഒരു വിദ്യാർത്ഥിനിയ്ക്ക് സ്കോളർഷിപ്പ് അല്ലെങ്കിൽ ഹോസ്റ്റൽ സ്റ്റൈപെന്റ് മാത്രമേ ലഭിക്കുകയുള്ളൂ. അപേക്ഷകർ യോഗ്യതാ പരീക്ഷയിൽ 50% മാർക്കിൽ കുറയാതെ നേടിയവരും കുടുംബ വാർഷിക വരുമാനം 4.5 ലക്ഷം രൂപയിൽ താഴെയുള്ളവരും ആയിരിക്കണം. പ്രസ്തുത സ്കോളർഷിപ്പ് ലഭിക്കുന്നവർ മറ്റ് സ്കോളർഷിപ്പുകളൊന്നും സ്വീകരിക്കരുത് എന്ന നിബന്ധനയും ഉണ്ട്. |
| (ബി) | എത്ര രൂപയാണ് പ്രതിവർഷം വിദ്യാർത്ഥിക്ക് സ്കോളർഷിപ്പായി നൽകുന്നത് എന്ന് വ്യക്തമാക്കാമോ ; | (ബി) | പ്രതിവർഷം വിദ്യാർത്ഥിനിയ്ക്ക് അനുവദിക്കുന്ന സ്കോളർഷിപ്പ് തുക സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു. |

| | | | |
|---|---|---|---|
| | | | (i)3000 ബിരുദ വിദ്യാർത്ഥിനികൾക്ക് - 4000/- രൂപ വീതം.<br><br>(ii)1000 ബിരുദാനന്തര ബിരുദ വിദ്യാർത്ഥിനികൾക്ക് -5000/- രൂപ വീതം.<br>(iii)1000 പ്രൊഫഷണൽ വിദ്യാർത്ഥിനികൾക്ക് - 6000/- രൂപ വീതം.<br>(iv)2000 വിദ്യാർത്ഥിനികൾക്ക് ഹോസ്റ്റൽ സ്റ്റൈപെന്റ്- 12000/- രൂപ വീതം. |
| (സി) | മുസ്ലീം നാടാർ വിദ്യാർത്ഥികൾക്ക് നിലവിൽ സ്കോളർഷിപ്പ് നൽകി വരുന്നുണ്ടോ ; എങ്കിൽ സ്കോളർഷിപ്പ് ലഭിക്കാനുള്ള മാനദണ്ഡം എന്താണെന്നും ടി വിഭാഗത്തിന് പ്രതിവർഷം ഒരു വിദ്യാർത്ഥിക്ക് എത്ര രൂപയാണ് നൽകി വരുന്നതെന്നും വ്യക്തമാക്കാമോ ; | (സി) | ഉണ്ട്. പ്രസ്തുത പദ്ധതി പ്രകാരം സംസ്ഥാനത്തെ ഒ.ബി.സി.വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥിനികൾക്കും, മുന്നോക്ക സമുദായങ്ങളിലെ ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളിലെ വിദ്യാർത്ഥിനികൾക്കും സ്കോളർഷിപ്പിന് അപേക്ഷിക്കാവുന്നതാണ്. സംസ്ഥാനത്തെ സർക്കാർ/എയ്ഡഡ് സ്ഥാപനങ്ങളിൽ 11-ാം ക്ലാസിലോ ബിരുദ ഒന്നാം വർഷ കോഴ്സിനോ പ്രവേശനം ലഭിച്ചവരും കുടുംബവാർഷിക വരുമാനം 18000/- രൂപയിൽ താഴെയുള്ളവരുമായ വിദ്യാർത്ഥിനികൾ ഈ സ്കോളർഷിപ്പ് ലഭിക്കാൻ അർഹരാണ്. പ്രതിവർഷം 125/- രൂപയാണ് സ്കോളർഷിപ്പായി നൽകി വരുന്നത്. |
| (ഡി) | സ്കോളർഷിപ്പ് തുക വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ ? | (ഡി) | സ്കോളർഷിപ്പ് തുക വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ